# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3461 — 15.07.2015-ൽ മറുപടിക്ക്

## പ്രസവ ശസ്ത്രക്രിയയ്ക്കിടെയുണ്ടാകുന്ന അണുബാധ തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രസവ ശസ്ത്രക്രിയയ്ക്കിടെ അണുബാധയുണ്ടാകുന്നത് വ്യാപകമാകുന്നുവെന്ന തരത്തിലുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ സാഹചര്യത്തിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് അണുബാധയുണ്ടാകുന്നതുമായി ബന്ധപ്പെട്ട് ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാരണങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. |
| (ബി) ശസ്ത്രക്രിയ ഉപകരണങ്ങളുടെ ഗുണനിലവാരം കുറഞ്ഞതുമൂലം അണുബാധയുണ്ടാകുന്ന സാഹചര്യത്തിൽ പ്രസ്തുത കമ്പനിയ്ക്കെതിരെ ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ടോ ; | (ബി) സർക്കാർ ആശുപത്രികളിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങളുടെ സംഭരണവും വിതരണവും നടത്തുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് ആണ്. നാളിതുവരെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ശസ്ത്രക്രിയാ ഉപകരണങ്ങളുടെ ഗുണനിലവാര കുറവിനെക്കുറിച്ചോ, അതു മൂലമുള്ള അണുബാധയെക്കുറിച്ചോ യാതൊരു പരാതിയും ലഭിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ ഒരു കമ്പനിയ്ക്കെതിരെയും നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (സി) എങ്കിൽ ഈ സർക്കാർ ഏതെങ്കിലും പ്രത്യേക കമ്പനികൾക്കെതിരെ പ്രസ്തുത വിഷയത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (സി) ബാധകമല്ല. |
| (ഡി) ഇത്തരത്തിൽ അണുബാധയുണ്ടാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ആവശ്യമായ ജാഗ്രതകൾ പാലിക്കുന്നതിന് എല്ലാ ആശുപത്രികൾക്കും മതിയായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ ? | (ഡി) അണുബാധ തടയുന്നതിന് വിശദമായ മാർഗ്ഗരേഖകൾ ഉൾപ്പെടുത്തി കൊണ്ടുള്ള 06.03.2015 -ലെ സർക്കാർ ഉത്തരവ് (എം.എസ്)നം.42/2015/ആ.കു.വ. പ്രകാരം എല്ലാ സ്ഥാപനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ എല്ലാ സ്ഥാപനങ്ങളും പ്രസ്തുത ഉത്തരവ് നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ